# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -841 10.02.2016 ൽ മറുപടിയ്ക്ക്

### ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി:** | | **ശ്രീ.പി.ജെ.ജോസഫ്** (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിലെ കാർഷികാവശ്യങ്ങൾക്കായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിലെ കാർഷികാവശ്യങ്ങൾക്കായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി അപേക്ഷ ലഭിച്ചതായി കാണുന്നില്ല. |
| (ബി) | കോടശ്ശേരി- പരിയാരം സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി വാട്ടർ ട്രീറ്റ്മെന്റ് സ്ഥാപിക്കുന്നതിനായി പരിയാരം-കാഞ്ഞിരപ്പള്ളിയിലെ എം.പി.ഐ. വക സ്ഥലത്തുനിന്നും ആവശ്യമായ സ്ഥലം അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | കോടശ്ശേരി- പരിയാരം സമഗ്രകുടിവെള്ള പദ്ധതിയ്ക്കായി ജല ശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി പരിയാരം - കാഞ്ഞിരപ്പള്ളിയിലെ എം.പി.ഐ വക സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ SAGY യിൽ ഉൾപ്പെടുത്താൻ കോടശ്ശേരി പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തയ്യാറാക്കി വരുന്നു. ശുദ്ധീകരണ ശാലയുടെ സ്ഥലം ആതിരപ്പള്ളി പഞ്ചായത്തിലെ എക്സ് സർവ്വീസ് മാൻ കോളനി ഏരിയയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**